"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കമ്മിറ്റിയിൽ സർവ്വീസ് കൺസൾട്ടന്റിനെ ഉൾപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt)No.1332/2020/LSGD തീയതി,തിരുവനന്തപുരം, 03/07/2020

---

പരാമർശം:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 16.03.2020-ൽ ചേർന്ന യോഗ തീരുമാനം

ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റിയിൽ ധനകാര്യ വകുപ്പിൽ നിന്നോ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥനെ സർവീസ് കൺസൾട്ടന്റ് ആയി ഉൾപ്പെടുത്താവുന്നതാണെന്നും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ ഐ.കെ.എം. ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 16.03.2020-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് 12.06.2020-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുകയും ടി നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റിയിൽ സർവ്വീസ് കൺസൾട്ടന്റിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

i. ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റിയിൽ ഗവ.സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നോ പൊതുഭരണ വകുപ്പിൽ നിന്നോ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത തസ്തികയിൽ നിന്നും വിരമിച്ച വിഷയപരിജ്ഞാനം ഉള്ള ഒരാളെ മൂന്ന് മാസത്തേക്ക് സർവ്വീസ് കൺസൾട്ടന്റ് ആയി ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

ii. മേല്പറഞ്ഞ പ്രകാരം സർവ്വീസ് കൺസൾട്ടന്റിനെ നിയോഗിക്കുമ്പോൾ പൊതുഭരണ

വകുപ്പിൽ നിന്നും വിരമിച്ച ആളെയാണ് നിയോഗിക്കുന്നതെങ്കിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ജോലി ചെയ്തിട്ടുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്.

iii. സർവ്വീസ് കൺസൾട്ടന്റിന് 40,000/- രൂപയിൽ കുറയാത്ത ഹോണറേറിയം നൽകാവുന്നതാണ്.

iv. ഹോണറേറിയം നൽകുന്നതിന് ആവശ്യമായ തുക ഐ.കെ.എം.ന്റെ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

v. കരട് സ്പെഷ്യൽ റൂൾസ് മൂന്ന് മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്(വെബ്& ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.